# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3650** **15/03/2018-ൽ മറുപടിയ്ക്ക്**

## കേരള ബാങ്കും ജില്ലാ ബാങ്കുകളും

| ചോദ്യം | | | മറുപടി |
|---|---|---|---|
| **ശ്രീ. പി.ടി. തോമസ്**<br>**ശ്രീ. വി.പി.സജീന്ദ്രൻ**<br>**ശ്രീ. കെ.എസ്.ശബരീനാഥൻ**<br>**ശ്രീ. റോജി എം. ജോൺ** | | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>**(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | കേരള ബാങ്ക് വൻകിട പദ്ധതികൾക്ക് മാത്രമാണോ വായ്പ സഹായം ലഭ്യമാക്കുക; കേരള ബാങ്കിന്റെ വായ്പകൾക്ക് പരിധി നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) യും (ബി) യും | കേരള സഹകരണ ബാങ്ക് ഇപ്പോൾ രൂപീകരിച്ചിട്ടില്ല. കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്ന ഘട്ടത്തിൽ വായ്പാ നയം സംബന്ധിച്ച് അനുയോജ്യമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |
| (ബി) | ഇന്ന് ജില്ലാ ബാങ്കുകൾ നൽകിവരുന്ന വ്യക്തിഗത ലോണുകൾ കേരള ബാങ്ക് തുടർന്നും നൽകുമോ; വ്യക്തമാക്കുമോ; | | |
| (സി) | സ്വയംതൊഴിൽ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കാൻ ജില്ലാ ബാങ്ക് നടത്തുന്ന പ്രവർത്തനം വിലയിരുത്താമോ; ജില്ലാ ബാങ്കുകൾ ഇല്ലാതാകുന്നതോടെ ഈ പ്രവർത്തനം കേരള ബാങ്ക് ഏറ്റെടുക്കുമോ എന്ന് വിശദമാക്കാമോ? | (സി) | നിലവിൽ ജില്ലാ സഹകരണ ബാങ്കുകൾ മുഖേന ജെ.എൽ.ജി വായ്പ, ട്രേഡേഴ്സ് ലോൺ, കാർഷികാനുബന്ധ വായ്പകൾ എന്നീ സ്വയം തൊഴിൽ വായ്പകൾ നൽകി വരുന്നുണ്ട്. കേരള സഹകരണ ബാങ്ക് രൂപീകൃതമാകുമ്പോൾ ഈ വായ്പകൾ തുടർന്നും നൽകുന്നത് സംബന്ധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ